(ബി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ഡി) രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായും വിവിധോദ്ദേശ ധനസഹായമായും എന്തു തുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതെന്ന് വെളിപ്പെടുത്താമോ;

(ഇ) രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ധനപരമായ വികേന്ദ്രീകരണം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ ആദ്യ ഭാഗം 8-1-2001-ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) ഭാഗികമായി അംഗീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ നം. 2(2), 2(3) എന്നീ ശുപാർശകളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത്.

(സി) ലഭ്യമാക്കുന്നു.

(ഡി) രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ എന്തു തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും കൈമാറേണ്ടിവരുമെന്ന് കമ്മീഷൻ റിപ്പോർട്ടിൽ കണക്കാക്കിയിട്ടില്ല. എന്നിരുന്നാലും കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ നൽകേണ്ടി വരുന്ന 3.5 ശതമാനം ജനറൽ പർപ്പസ് ഗ്രാന്റിനുവേണ്ടിയും 5.5 ശതമാനം സംരക്ഷണ ഗ്രാന്റിനുവേണ്ടിയും ഇക്കൊല്ലം 531.11 കോടി തുക വകയിരുത്തിയിട്ടുണ്ട്.

(ഇ) അംഗീകരിച്ച ശുപാർശകളുടെ അടിസ്ഥാനത്തിൽ വലിയ ഒരു പരിധി വരെ ധനപരമായ വികേന്ദ്രീകരണം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് സർക്കാർ കരുതുന്നത്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭരണ നവീകരണ പരിപാടികൾക്കുള്ള ചെലവ്

1 [2465] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഭരണ നവീകരണ പരിപാടി അനുസരിച്ച് നാളിതുവരെ എത്ര തുക ചെലവഴിച്ചു; അത് ഓരോ സാമ്പത്തിക വർഷവും എത്ര വീതമായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി കൺസൾട്ടൻസി ഫീസായി എത്ര തുക ചെലവഴിച്ചു;

(സി) കഴിഞ്ഞ നാലു വർഷത്തിനിടയിൽ എത്ര കൺസൾട്ടന്റുമാരെ ഇക്കാര്യത്തിനായി നിയമിച്ചു എന്നറിയിക്കാമോ;

(ഡി) എ.ഡി.ബി. പ്രതിനിധികളുടെയും അവരുടെ കൺസൾട്ടന്റുമാരുടേയും സംസ്ഥാനത്തെ സന്ദർശനത്തിനായി എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഇ) ഭരണനവീകരണ പരിപാടിയെ സംബന്ധിച്ച കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഭരണ നവീകരണ പരിപാടികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 2002-03 സാമ്പത്തിക വർഷമാണ് ആരംഭിച്ചത്. അതുമുതലുള്ള ചെലവ് ചുവടെ ചേർക്കുന്നു:

2002 - 03 സാമ്പത്തിക വർഷം :	225,00,00,000
2003 - 04 സാമ്പത്തിക വർഷം :	142,83,56,453
2004 - 05 സാമ്പത്തിക വർഷം : (ജനുവരി 31 വരെ)	7,26,52,254
ആകെ ..	375,10,08,707

(ബി) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി ആവശ്യമായി വരുന്ന വിദഗ്ദ്ധസേവനങ്ങൾ ലഭ്യമാക്കുന്നത് നെതർലന്റ് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന പ്രൊക്യൂർമെന്റ് സർവ്വീസ് പ്രൊവൈഡറാണ്. അതിനാൽ കൺസൾട്ടൻസി ഇനത്തിൽ സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാധ്യത ഒന്നും തന്നെ ഇല്ല.

(സി) പ്രൊക്യൂർമെന്റ് സർവ്വീസ് പ്രൊവൈഡർ വഴി ലഭ്യമായിട്ടുള്ള കൺസൾട്ടൻസിയെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് ഏഷ്യൻ വികസന ബാങ്കിന്റെ പ്രതിനിധികളുടെ സംസ്ഥാന സന്ദർശനത്തിനായി 2002-03 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 2,18,619 രൂപ ചെലവായിട്ടുണ്ട്. കൺസൾട്ടന്റുമാരുടെ സന്ദർശനത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഇ) അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് കഴിഞ്ഞിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടില്ല.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly